Draft #3 of File 83562/P&D 1-2/2021/P&D 1 Approved by ASSISTANT REGISTRAR III (ADMIN) on 14-Sep-2021 09:47 PM - Page 1





**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവകലാശാലയിലെ സ്പോർട്ട്സ് ഇൻഫ്രാസ്ട്രക്ചർ വികസനം- ഒന്നാം ഘട്ടമായി ഫുട്ബോൾ ടർഫ്, 400 MTS സിന്തറ്റിക് ട്രാക്ക് എന്നിവ നിർമ്മിക്കുവാനുള്ള സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ & സ്പോർട്ട്സ് സയൻസസ് (SPESS) ഡയറക്ടറുടെ പ്രൊപ്പോസൽ സംബന്ധിച്ച് - സിൻഡിക്കേറ്റ് തീരുമാനം- ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പ്ലാനിംഗ് & ഡവലപ്മെന്റ് 1**

നമ്പർ. 4599/P&D 1/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 15.09.2021

---

*പരാമർശം:*-1. SPESS ഡയറക്ടറുടെ 1/06/2021 തീയതിയിലെ കത്ത് നം. SPESS/2/SID/2021

2. 21/06/2021 തീയതിയിലെ G.O. (Rt )No.823/2021/HEDN

3. 02/09/2021 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ: 114/21.04/83562/P&D1-2/2021

**ഉത്തരവ്**

സർവകലാശാലയുടെ സ്പോർട്ട്സ് ഇൻഫ്രാസ്ട്രക്ചറിന്റെ ഘട്ടം ഘട്ടമായുള്ള വികസനത്തിന്റെ ഭാഗമായി ഒന്നാം ഘട്ടത്തിൽ 'natural grass Football Turf with automatic sprinkler system and 400 mts Synthetic Track' എന്നിവ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകണമെന്ന് SPESS ഡയറക്ടർ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു. ടി പ്രവൃത്തിയ്ക്കായി 8 കോടി രൂപ മൊത്തം ചെലവ് പ്രതീക്ഷിക്കുന്നതായും SPESS ഡയറക്ടറുടെ പ്രൊപ്പോസലിൽ പറഞ്ഞിരുന്നു.

2021-22 സംസ്ഥാന വാർഷിക പദ്ധതിയിൽ 'Development of MGU Sports Hub' എന്ന പ്രൊജക്റ്റ് ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 1.25 കോടി രൂപയാണ് സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും ആവശ്യപ്പെട്ടിട്ടുള്ളത്. ടി പദ്ധതിയ്ക്ക് സംസ്ഥാന സർക്കാർ പരാമർശം (2) ലെ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. സ്പോർട്ട്സ് ഹബ്ബിന്റെ ഭാഗമായി താഴെ പറയുന്ന സൗകര്യങ്ങളാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്;

i) 50 mtrs Swimming pool with diving board and water treatment plant

ii) 400 mtrs synthetic track (9 lanes)

iii) Modern Conditioning hall

iv) Modern fitness centre

v) Outdoor volleyball, football and basketball court

SPESS ഡയറക്ടറുടെ മേൽ പ്രൊപ്പോസൽ ഫിനാൻസ് വിഭാഗത്തിന്റെ അഭിപ്രായത്തിനായി സമർപ്പിക്കുകയും ഫിനാൻസ് ഓഫീസർ താഴെ പറയുന്ന ശുപാർശ നൽകുകയും ചെയ്തു.

**'Sports Infrastructure വികസനം ഘട്ടങ്ങളിലായി ചെയ്യുന്നതിനായി SPESS വകുപ്പ് മേധാവി**

**സമർപ്പിച്ച ശുപാർശ സിന്‌ഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണ്. പദ്ധതി നടത്തിപ്പിനായി e-tender മുഖാന്തരം ഏജൻസിയെ കണ്ടെത്താവുന്നതാണ്. ഇതിന് വേണ്ടി വരുന്ന ചെലവ് സർക്കാരിൽ നിന്ന് ലഭിക്കുന്ന പ്ലാൻ ഫണ്ടിൽ നിന്ന് കണ്ടെത്താവുന്നതാണ്.'**

ഫിനാൻസ് ഓഫീസറുടെ ടി പ്രൊപ്പോസൽ വൈസ് ചാൻസലർ അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ മേൽ പ്രൊപ്പോസൽ സിന്‌ഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു.

ടി വിഷയം പരിശോധിച്ച 02/09/2021 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം പരാമർശം (3) പ്രകാരം താഴെ പറയുന്ന തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

**" Sports Infrastructure വികസനം ഘട്ടങ്ങളിലായി ചെയ്യുന്നതിനായി SPESS വകുപ്പ് മേധാവി സമർപ്പിച്ച ശുപാർശ അംഗീകരിക്കുന്നതിനും ആദ്യ ഘട്ടമായി outdoor volleyball, football court , basketball court എന്നിവ നിർമ്മിക്കുന്നതിനും ഇതിനായി വകയിരുത്തിയിരിക്കുന്ന 1.25 കോടി രൂപ ചിലവഴിച്ച് നിർമ്മിക്കുന്നതിനും തീരുമാനിച്ചു."**

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

അനിൽ കുമാർ വി എസ്

അസിസ്റ്റന്റ് രജിസ്ട്രാർ 3 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ഡയറക്ടർ, പ്ലാനിംഗ് & ഡെവലപ്പ്മെന്റ്
2. വകുപ്പ് മേധാവി , SPESS
3. സർവകലാശാല എഞ്ചിനീയർ / എഞ്ചിനീയറിംഗ് യൂണിറ്റ്
4. വി.സി./പി.വി.സി. എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
5. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പേഴ്സണൽ അസിസ്റ്റന്റുമാർ
6. എ.സി.സി./ഓഡിറ്റ് 1/അക്കൗണ്ട്സ് V / എ.ഡി.ഡി./എ.ഡി.ബി.8 സെക്ഷനുകൾ
7. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/കെ.എസ്.എ.ഡി./ ബഡ്ജറ്റ് /ജനറൽ ക്യാഷ്
8. റെക്കോർഡ്സ് സെക്ഷൻ / സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #3 of File 83562/P&D 1-2/2021/P&D 1 Approved by ASSISTANT REGISTRAR III (ADMIN) on 14-Sep-2021 09:47 PM - Page 2